ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.07.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് വികസിത് ഭാരത് ജി റാം ജി നിയമപ്രകാരമുള്ള വർദ്ധിപ്പിച്ച വേതനം ഇന്ന് മുതൽ പ്രാബല്യത്തിൽ.

   **Increased wages under Viksit Bharat G RAM G Act become effective from today.**

2. ദരിദ്രരെയും പിന്നാക്ക വിഭാഗങ്ങളെയും ശാക്തീകരിക്കാനും ദശലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം സുഗമമാക്കാനും ഡിജിറ്റൽ ഇന്ത്യ സംരംഭം വഴിയൊരുക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says, Eleven years of Digital India empowered the poor and the underprivileged making life easier for millions.**

3. 6,969 കോടി രൂപ ചെലവ് വരുന്ന ദ്വാരക - വസന്ത് കുഞ്ച് തുരങ്കപാത പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.

   **Union Cabinet approves the Dwarka–Vasant Kunj tunnel project worth ₹6,969 crore.**

4. 16-ാം കേരള നിയമസഭയുടെ ആദ്യ സമ്മേളനം പൂർത്തിയാക്കി സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. 2026 ലെ ധനകാര്യ ബില്ലും, ധനവിനിയോഗ ബില്ലും പാസ്സാക്കി.

   **First session of the 16th Kerala Legislative Assembly adjourned sine die after passing the Finance Bill and the Appropriation Bill for 2026.**

5. കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരളം-കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   **India Meteorological Department forecasts rain accompanied by thunderstorms and strong winds at isolated places in Kerala; fishing ban continues along the Kerala, Karnataka and Lakshadweep coasts.**

6. ICC ട്വന്റി-20 ക്രിക്കറ്റ് റാങ്കിങ്ങിൽ ഒന്നാമതെത്തി ഇന്ത്യയുടെ ഇഷാൻ കിഷൻ. ലോകകപ്പ് ഫുട്ബോളിൽ, ഇന്ന് ഇംഗ്ലണ്ട് - കോംഗോയുമായി ഏറ്റുമുട്ടും.

   **India's Ishan Kishan climbs to the top of the ICC Men's T20 batting rankings; England to face Congo in the FIFA World Cup today.**

❁❁❁❁❁❁❁❁❁❁❁❁❁

**VB G RAM G – IMPLEMENT**

ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് തൊഴിലും ഉപജീവനവും ഉറപ്പാക്കുന്ന വിബി- ജി റാം ജി പ്രാബല്യത്തിൽ വന്നു. ഇരുപത് വർഷം പഴക്കമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരമാണ് VB-G RAM G നിയമം കൊണ്ടുവന്നത്. ഗ്രാമീണ കുടുംബങ്ങൾക്ക് അർഹതപ്പെട്ട തൊഴിൽ ദിനങ്ങൾ, 100 ൽ നിന്നും 125 ആയി ഉയരും. പുതുക്കിയ വേതന നിരക്കുകളും ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു. MGNREGA പ്രകാരം 298.8 രൂപയായിരുന്ന, ശരാശരി പ്രതിദിന വേതനം, ഇപ്പോൾ 327.4 രൂപയായി ഉയർന്നിട്ടുണ്ട്. ഇതോടെ കേരളത്തിലെ പ്രതിദിന തൊഴിലുറപ്പ് വേതനം 401 രൂപയായി.

## PM-DIGITAL INDIA

കേന്ദ്ര സർക്കാരിൻറെ സുപ്രധാന സംരംഭമായ ഡിജിറ്റൽ ഇന്ത്യ 11 വർഷം പൂർത്തിയാക്കി. രാജ്യത്തെ ദരിദ്രരെയും പിന്നാക്ക വിഭാഗങ്ങളെയും ശാക്തീകരിക്കാനും ദശലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം സുഗമമാക്കാനും ഡിജിറ്റൽ ഇന്ത്യ സംരംഭം വഴിയൊരുക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ലളിതമായ ഡിജിറ്റൽ പണമിടപാടുകളിലൂടെ , ആനുകൂല്യങ്ങൾ നേരിട്ട് ഗുണഭോക്താക്കളിലേക്ക് എത്തിക്കാൻ സാധിച്ചതായും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

## PM KRISHI SINCHAYEE YOJANA

കാർഷിക മേഖലയ്ക്ക് പുത്തനുണർവ് നൽകിയ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയും 11 വർഷം പൂർത്തിയാക്കി. 2015 ജൂലൈ 1 ന് ആരംഭിച്ച പദ്ധതി ,മഴവെള്ള സംഭരണത്തിലൂടെയും, കാര്യക്ഷമമായ ജല വിനിയോഗത്തിലൂടെയും രാജ്യത്തുടനീളം സുസ്ഥിര ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുകയും കൃഷിയിടങ്ങളിലെ ജലകാര്യക്ഷമത മെച്ചപ്പെടുത്തുകയും ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## GST 9 YEARS ( INTRO)

ഇന്ത്യയുടെ നികുതി ഘടനയിൽ വൻ പരിവർത്തനത്തിനു വഴിയൊരുക്കിയ ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വന്ന ഒൻപത് വർഷം പൂർത്തിയായി. 2017 ജൂലൈ 1 ന് ആരംഭിച്ച GST ഇന്ത്യയുടെ പരിഷ്കരണ യാത്രയിലെ ഒരു ചരിത്ര നേട്ടമായാണ് അടയാളപ്പെടുത്തിയിട്ടുള്ളത്.

*വിശദാംശങ്ങളിലേക്ക്.....*
*(വോയിസ്...)*

❁❁❁❁❁❁❁❁❁❁❁❁❁

## GST 9 YEARS(VOICE)

കഴിഞ്ഞ ഒമ്പത് വർഷമായി യുക്തിസഹമായ നികുതി നിരക്കുകളിലൂടെയും ഏകീകൃത നടപടിക്രമങ്ങളിലൂടെയും സുതാര്യതയും ഉത്തരവാദിത്തവും സാമ്പത്തിക വളർച്ചയും

ഉറപ്പാക്കാൻ GST ക്ക് കഴിഞ്ഞു. ലളിതവും സംയോജിതവുമായ ഒരു പരോക്ഷ നികുതി സംവിധാനം സൃഷ്ടിക്കാനുള്ള ഇന്ത്യയുടെ പരിശ്രമമാണ് ഇതിലൂടെ പ്രതിഫലിക്കുന്നത്. 17 വ്യത്യസ്ത നികുതികളും 13 സെസ്സുകളും ജിഎസ്ടി വഴി ഒരു പൊതു ചട്ടക്കൂടിലേക്ക് സംയോജിപ്പിച്ചു. വ്യവസായികൾക്കും ഉപഭോക്താക്കൾക്കും ഒരുപോലെ ഗുണകരമായ രീതിയിൽ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ജിഎസ്ടി 2.0 പ്രകാരമുള്ള പരിഷ്കാരങ്ങൾ. 2025 ലെ പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ കുറഞ്ഞ നിരക്കുകൾ, ഇളവുകൾ, എളുപ്പമുള്ള നടപടിക്രമങ്ങൾ എന്നിവയിലൂടെ നികുതി ഘടനയെ കൂടുതൽ ലളിതമാക്കി. കുടുംബങ്ങൾ, എംഎസ്എംഇകൾ, കർഷകർ, കരകൗശല വിദഗ്ധർ, കയറ്റുമതിക്കാർ, വിവിധ വ്യാപാര മേഖലകൾ എന്നിവയ്ക്ക് ഇതുവഴി ഏറെ പ്രയോജനമുണ്ടായി. നിരവധി അവശ്യ ഗാർഹിക വസ്തുക്കളുടെ ജിഎസ്ടി നിരക്കുകൾ കുറച്ചത് നികുതി ഘടന ലളിതമാക്കുന്നതിനൊപ്പം ദൈനംദിന ജീവിതം കൂടുതൽ താങ്ങാനാവുന്നതാക്കി.

ന്യൂസ്ഡെസ്ക് ആകാശവാണി......

## SHAH- HIGH LEVEL COMMITTEE

നിയമവിരുദ്ധ കുടിയേറ്റം, മറ്റ് അസാധാരണ കാരണങ്ങൾ എന്നിവയിൽ നിന്ന് ഉണ്ടാകുന്ന ജനസംഖ്യാപരമായ മാറ്റങ്ങളെക്കുറിച്ചുള്ള ഉന്നതതല സമിതി യോഗം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ

ന്യൂഡൽഹിയിൽ ചേർന്നു. സമിതിയുടെ ശുപാർശകൾ എത്രയും വേഗം സമർപ്പിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആവശ്യപ്പെട്ടു. വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന് വിവിധ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സന്ദർശിക്കുമെന്ന് സമിതി കേന്ദ്ര മന്ത്രിയെ അറിയിച്ചു.

## SITHARAMAN FRANCE VISIT

കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ നാല് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഫ്രാൻസിലേക്ക് തിരിച്ചു. ഇന്ത്യ-ഫ്രാൻസ് തന്ത്രപരമായ പങ്കാളിത്തം, സാമ്പത്തിക സഹകരണം, നിക്ഷേപം, സാങ്കേതിക സഹകരണം, തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉന്നതതല ഉഭയകക്ഷി ചർച്ചകളിൽ കേന്ദ്രധനമന്ത്രി പങ്കെടുക്കുമെന്ന് ധനമന്ത്രാലയം അറിയിച്ചു. ഫ്രഞ്ച് സഹമന്ത്രി റോളണ്ട് ലെസ്ക്യൂറിന്റെയും ശ്രീമതി നിർമ്മലാ സീതാരാമന്റെയും അധ്യക്ഷതയിൽ ഇന്ത്യ - ഫ്രാൻസ് സാമ്പത്തിക-ധനകാര്യ ചർച്ചയും നടക്കും.

## KERALA ASSEMBLY

16-ാം കേരള നിയമസഭയുടെ ആദ്യ സമ്മേളനം പൂർത്തിയാക്കി സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. 2026 ലെ ധനകാര്യ ബില്ലും, ധനവിനിയോഗ ബില്ലും

പ്രതിപക്ഷത്തിൻറെ അഭാവത്തിൽ ശബ്ദവോട്ടോടെ പാസ്സാക്കി. വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി കുറയ്ക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പടെയുള്ള ബില്ലാണ് പാസാക്കിയത്. വീര്യം കുറഞ്ഞ മദ്യത്തിൻറെ നികുതി കുറച്ചത് വലിയ തോതിലുള്ള അഴിമതിയ്ക്ക് കാരണമാകുമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. മദ്യ നയത്തിൽ സ്വാഭാവികമായ ചർച്ച നടത്താതെയുള്ള ഒളിച്ചു കടത്തൽ ആണ് ബില്ലെന്നും നിയമസഭയ്ക്ക് പുറത്ത് അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു. ബി ജെ പി അംഗങ്ങളും ധനബില്ലിനെ എതിർത്തു.

## CENSUS

സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തിയുള്ള വിവര ശേഖരണത്തിന് ഇന്ന് തുടക്കമായി. സംസ്ഥാനത്ത് ഈ മാസം 30 വരെയാണ് സെൻസസിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടക്കുക. വീടുകളുടെ സെൻസസും, പട്ടിക തയ്യാറാക്കലും ഈ ഘട്ടത്തിൽ നടക്കും. രണ്ടാം ഘട്ടമായ ജനസംഖ്യ കണക്കെടുപ്പ് 2027 ഫെബ്രുവരിയിലാണ് നടക്കുക.

## SC – MOTOR COMPENSATION

വാഹനാപകടത്തിൽ മരിച്ചവരുടെയും പരിക്കേറ്റവരുടെയും വാർഷിക വരുമാനം ആദായനികുതി റിട്ടേണുകളുടെ

അടിസ്ഥാനത്തിൽ കോടതികൾ, എങ്ങനെ കണക്കാക്കണമെന്നത് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ച് സുപ്രീം കോടതി. ശമ്പളക്കാരായ വ്യക്തികളുടെ വാർഷിക വരുമാനം തെളിയിക്കാൻ തൊട്ട് മുൻവർഷത്തെ ആദായനികുതി റിട്ടേൺ മതിയാകും. വാഹനാപകട നഷ്ടപരിഹാരത്തിൽ ഏകീകൃത സ്വഭാവം കൊണ്ടുവരാൻ ലക്ഷ്യമിട്ടുള്ള ഒരു സുപ്രധാന വിധിയാണിത്.

❁❁❁❁❁❁❁❁❁❁❁❁❁

**FACT CHECK – SCHEME**

പ്രധാനമന്ത്രി നരേന്ദ്ര മോദി സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ ഇലക്ട്രിക് സൈക്കിളുകൾ നൽകുന്നു എന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് കേന്ദ്രസർക്കാർ. വീഡിയോ നിർമിതബുദ്ധി ഉപയോഗിച്ച് സൃഷ്ടിച്ചതാണെന്നും സർക്കാർ അത്തരമൊരു പദ്ധതി പ്രഖ്യാപിച്ചിട്ടില്ലെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**CABINET BRIEFING (INTRO)**

ദ്വാരക എക്സ്പ്രസ് വേയെ ഡൽഹി വസന്ത് കുഞ്ചിലെ നെൽസൺ മണ്ടേല മാർഗുമായി ബന്ധിപ്പിക്കുന്ന എൻഎച്ച്-148AE യ്ക്കായി ആറു വരി തുരങ്കപാത നിർമ്മിക്കുന്നതിന് കേന്ദ്രമന്ത്രിസഭായോഗം

ഇന്ന് അംഗീകാരം നൽകി. 8.1 കിലോമീറ്റർ ദൈർഘ്യമുള്ള പാതയുടെ നിർമാണത്തിന് 6,969 കോടി രൂപയിലധികം ചെലവാണ് പ്രതീക്ഷിക്കുന്നത്. പദ്ധതിയിലൂടെ 7.54 ലക്ഷം നേരിട്ടുള്ള തൊഴിലവസരങ്ങളും 9.8 ലക്ഷം പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിക്കവേ, കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ പറഞ്ഞു.
( വോയിസ്....)

ഭോപ്പാൽ-കാൺപൂർ സാമ്പത്തിക ഇടനാഴിയുടെ പ്രധാന ഭാഗമായ 117.7 കിലോമീറ്റർ ദൈർഘ്യം വരുന്ന കാൺപൂർ-കബ്രായ് പ്രവേശന നിയന്ത്രിത ഗ്രീൻഫീൽഡ് ഹൈവേയുടെ നിർമ്മാണത്തിനും മന്ത്രിസഭാ യോഗം അംഗീകാരം നൽകി. ഇതിലൂടെ കാൺപൂരിനും കബ്രായിക്കും ഇടയിലുള്ള യാത്രാ സമയം മൂന്നര മണിക്കൂറിൽ നിന്ന് ഒന്നര മണിക്കൂറായി കുറയുമെന്ന് ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

## ARUNACHAL- FLOOD SITUATION

മിന്നൽ പ്രളയവും വെള്ളപ്പൊക്കവും കനത്ത നാശം വിതച്ച അരുണാചൽ പ്രദേശിൽ കേന്ദ്ര മന്ത്രിമാരടങ്ങിയ ഉന്നതതല സംഘം ഇന്ന് വ്യോമ നിരീക്ഷണം നടത്തി. കേന്ദ്ര മന്ത്രിമാരായ ശിവരാജ് സിംഗ് ചൗഹാൻ, കിരൺ റിജിജു, അരുണാചൽ പ്രദേശ് മുഖ്യമന്ത്രി പേമ ഖണ്ഡു എന്നിവരടങ്ങിയ സംഘം മേഖലയിൽ രണ്ടു ദിവസമായി പര്യടനം നടത്തുകയാണ്.

## RAIN KERALAM

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെയും, കർണാടക തീരത്ത് ഞായറാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## FIFA

ഫിഫ ലോകകപ്പ് ഫുട്ബോളിൽ, ഇന്ന് ഇംഗ്ലണ്ട് - കോംഗോയുമായി ഏറ്റുമുട്ടും. രാത്രി 09:30 നാണ് മത്സരം. ബെൽജിയം-സെനഗൽ നോക്ക് ഔട്ട് പോരാട്ടം പുലർച്ചെ 1.30 നും, യുഎസ്എ - ബോസ്നിയ മത്സരം പുലർച്ചെ 5.30 നും നടക്കും.

## CRICKET-ICC RANKING

ഇന്ത്യയുടെ ഇഷാൻ കിഷൻ ടി 20 അന്താരാഷ്ട്ര ക്രിക്കറ്റിലെ മികച്ച ബാറ്റ്സ്മാൻ. ഇന്ത്യയുടെ തന്നെ അഭിഷേക് ശർമ്മയെ മറികടന്നാണ് ഇഷാൻ ICC റാങ്കിങ്ങിൽ

ഒന്നാമതെത്തിയത്. ഈ വർഷം ആദ്യം നടന്ന ഐസിസി ടി20 ലോകകപ്പിൽ 200 സ്ട്രൈക്ക് റേറ്റിൽ 317 റൺസ് നേടിയ പ്രകടനത്തിലൂടെയാണ് ഇഷാൻ കിഷന്റെ ഈ നേട്ടം.